പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2970

21-08-2017 ൽ മറുപടിക്ക്

**കോൾ ചാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ നീരൊഴുക്കിന് തടസ്സമായ കോൾ ചാലുകളിലെ ചണ്ടി നീക്കുന്നതിനും ചാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും നടപടിക്കായി കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള 28/04/2017-ലെ 246/VIP/17/M (Agri.) നമ്പർ കത്തിൻമേൽ സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശങ്ങൾ നൽകാമോ? | കത്ത് നിർദ്ദേശം സഹിതം KLDC യ്ക്ക് നൽകിയിട്ടുണ്ട്. കനാലുകളിലെ ചണ്ടി മാറ്റുന്ന പ്രവൃത്തികൾ നിലവിൽ ജലവിഭവ (ഇറിഗേഷൻ) വകുപ്പ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. തൃശ്ശൂർ കോൾ മേഖലയിലെ കനാലുകൾ വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാകുന്ന രീതിയിൽ ഒരു നിശ്ചിത ബെഡ് ലെവൽ വിഭാവനം ചെയ്താണ് രൂപപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചില കനാലുകളിൽ പ്രസ്തുത ബെഡ് ലെവലിന് മുകളിൽ അടിഞ്ഞു കിടക്കുന്ന എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതം പരിമിതമായതുകൊണ്ട് മുഴുവൻ കനാലുകളിലും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ